**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1330** **12-02-2025 - ൽ മറുപടിയ്ക്ക്**

**പ്ലാൻ ഫണ്ട്/നോൺ പ്ലാൻ ഫണ്ട് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ ടൂറിസം വകുപ്പ് പ്ലാൻ ഫണ്ട്/ നോൺ പ്ലാൻ ഫണ്ട് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം, ചെലവഴിക്കുന്ന തുക എന്നിവ സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ മണ്ഡലത്തിൽ ടൂറിസം വകുപ്പ് പ്ലാൻ ഫണ്ട് മുഖേന ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**റെനോവേഷൻ ഓഫ് പുന്നമട പാർക്കിംഗ് ഏരിയ ആൻഡ് പ്രിമിസ്സസ് :** പുന്നമട പാർക്കിംഗ് ഏരിയയുടെയും പരിസരത്തിന്റെയും റെനോവേഷൻ വർക്കുകൾക്കായി വിനോദ സഞ്ചാര വകുപ്പ് 05.01.2021 ൽ 97.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതി നിർവ്വഹണ ഏജൻസിയായ M/s. KIIDC മുഖേന 70% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പാർക്കിംഗ് ഏരിയ ഡെവലപ്മെന്റ് (പേവർ ടൈൽ, കെർബ് വാൾ ഉൾപ്പെടെ), ലാൻഡ് സ്കേപ്പിങ്, പ്ലംബിംഗ് വർക്കുകൾ, ബിൽഡിംഗ് റെനോവേഷൻ എന്നിവയാണ് പദ്ധതിയിലെ പ്രധാന ഘടകങ്ങൾ. പാർക്കിംഗ് ഏരിയ ഡെവലപ്മെന്റ് (പേവർ ടൈൽ, കെർബ് വാൾ ഉൾപ്പെടെ), ലാൻഡ് സ്കേപ്പിങ്, പ്ലംബിംഗ് വർക്കുകൾ, ബിൽഡിംഗ് റെനോവേഷൻ എന്നിവയാണ് പദ്ധതിയിലെ പ്രധാന ഘടകങ്ങൾ. പാർക്കിംഗ് ഏരിയ ഡെവലപ്മെന്റ് 100% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**KIIFB ഫണ്ട്**<br><br>**ഡെവലപ്മെന്റ് ഓഫ് ചെത്തി ബീച്ച് അറ്റ് ആലപ്പുഴ:**<br><br>മൂന്നു കിലോമീറ്റർ ദൂരം നീണ്ടു കിടക്കുന്ന ചെത്തി ബീച്ചിനെ പുതിയൊരു ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ആക്കി മാറ്റുക എന്ന ഉദ്ദേശത്തോടെ, 08.02.2017 ലെ സ.ഉ(സാധാ) നം. 62/2017/ടി.എസ്.എം. പ്രകാരം, 49.60 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. വിനോദസഞ്ചാര വകുപ്പ് KIIFB പ്രൊജക്റ്റ് ആയി വിഭാവനം ചെയ്തിരിക്കുന്ന ടി പദ്ധതിയുടെ നിർവഹണ ഏജൻസിയായി തിരഞ്ഞെടുത്തിരി ക്കുന്നത് M/s. |

| | | | |
|---|---|---|---|
| | | | KITCO യെയാണ്. ടി പദ്ധതിയ്ക്കായി 13.77 കോടി രൂപയുടെ TS ഉം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണോൽഘാടനം 14.02.2021 ന നടന്നിട്ടുള്ളതാണ്. ടി പദ്ധതിയ്ക്ക് KSEB, ഗ്രൗണ്ട് വാട്ടർ ഡിപാർട്ട്മെന്റ് എന്നിവയിൽ നിന്നുള്ള NOC യും, 19.01.2020 ന് CRZ അനുമതിയും ലഭ്യമായിട്ടുണ്ട്. ഹിൻഡറൻസ് ഫ്രീ സൈറ്റ് ആയുള്ള ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള സൈറ്റ് ക്ലിയർ ചെയ്യുകയും, റോഡ് വർക്കിനുള്ള മെറ്റീരിയൽസ് (RED EARTH, 40 MM AGGREGATES, M-SAND) ഇറക്കുകയും ചെയ്തിട്ടുണ്ട്. അഡിഷണൽ 190 മീറ്റർ റോഡ്, കൾവെർട്ട്, പാർക്കിംഗ് ഏരിയ എന്നിവ സംബന്ധിച്ചുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തി അവസാനഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഡി.ടി.പി.സി. മുഖേന എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും അവയുടെ വിശദവിവരങ്ങളും ലഭ്യമാക്കാമോ; | (ബി) | ആലപ്പുഴ മണ്ഡലത്തിൽ നിലവിൽ DTPC മുഖേന പദ്ധതികൾ ഒന്നും നടപ്പിലാക്കി വരുന്നില്ല. |
| (സി) | ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള ടൂറിസം പ്രവൃത്തികളിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും ഭരണാനുമതി ലഭ്യമായതിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതെന്നും അതിൽ ഏതൊക്കെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്നും ടെൻഡർ നോട്ടിഫിക്കേഷൻ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (സി) | റെനോവേഷൻ ഓഫ് ടൂറിസം കൾച്ചറൽ സെന്റർ (ടൗൺ സ്ക്വയർ), മാരാരി ടൂറിസം പദ്ധതി (ഉത്തരവാദിത്വ ടൂറിസം), തുമ്പോളി സെന്റ് തോമസ് പൂങ്കാവ് പള്ളി തീർത്ഥാടന ടൂറിസം പദ്ധതി എന്നിവയാണ് ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള ടൂറിസം പ്രവൃത്തികൾ.<br><br>വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതികളുടെ ഭരണാനുമതി കാലയളവിനുള്ളിൽ പൂർത്തീകരിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| Sl. No. | ബജറ്റ് പ്രൊവിഷൻ | പദ്ധതിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | 2022 – 23 | റെനോവേഷൻ ഓഫ് ടൂറിസം കൾച്ചറൽ സെന്റർ (ടൗൺ സ്ക്വയർ) | 3 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ ഭരണാനുമതി ലഭ്യമാക്കുന്നതിലേക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |
| 2 | 2023 – 24 | മാരാരി ടൂറിസം പദ്ധതി (ഉത്തരവാദിത്വ ടൂറിസം) | പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നതിനായി 9.29 സെൻറ്റ് റെവന്യൂ പുറമ്പോക്ക് ഭൂമിയുടെ വിനിയോഗാനുമതി 30.11.2024 ന് ബഹു. ആലപ്പുഴ ജില്ലാ കളക്ടർ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ്, DPR എന്നിവ റിവൈസ് ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു |
| 3 | 2023-24 | തുമ്പോളി സെന്റ് തോമസ് പൂങ്കാവ് പള്ളി തീർത്ഥാടന ടൂറിസം പദ്ധതി | ആലപ്പുഴ ജില്ലയിലെ "തുമ്പോളി സെന്റ് തോമസ് പൂങ്കാവ് പള്ളി തീർത്ഥാടന ടൂറിസം പദ്ധതിയ്ക്കായി 30.11.2024 ലെ സ്.ഉ.(സാധ)നം. 690/2024/TSM നമ്പർ ഉത്തരവ് പ്രകാരം 2 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ